# ARCHDIOCESE OF TRICHUR

Catholic Archbishop's House, PB No. 706, East Fort, Thrissur - 680 005, Kerala, India

+91 487 2333325, 2333542 | curiatcr@gmail.com | www.trichurarchdiocese.org


1052/2023 C- 2
10.05.2023

## സർക്കുലർ

## മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ മെത്രാഭിഷേക സുവർണ്ണജൂബിലിസമാപനവും തൃശ്ശൂർ അതിരൂപതാദിനവും

മിശിഹായിൽ പ്രിയ വൈദികരേ, സന്യസ്തരേ, സഹോദരീസഹോദരന്മാരേ,

"കർത്താവിന് കൃതജ്ഞതയർപ്പിക്കുവിൻ; അവിടുത്തെ നാമം വിളിച്ചപേക്ഷിക്കുവിൻ; അവിടുത്തെ പ്രവർത്തികൾ ജനതകളുടെ ഇടയിൽ പ്രഘോഷിക്കുവിൻ" എന്ന സങ്കീർത്തനവചനങ്ങളോട് ചേർന്ന് നിന്ന് നാളിതുവരെ ദൈവം വർഷിച്ച അനുഗ്രഹങ്ങൾക്കും നന്മകൾക്കും നന്ദിയർപ്പിച്ചു കൊണ്ട് തൃശ്ശൂർ അതിരൂപത 136-ാം സ്ഥാപനവാർഷികദിനവും തൃശ്ശൂർ അതിരൂപതയെ 1997 മുതൽ 2007 വരെ സ്തുത്യർഹമായും ഏറെ വാത്സല്യത്തോടും ഉന്നതിയിലേക്ക് നയിക്കുകയും ചെയ്ത മാർ ജേക്കബ് തൂങ്കുഴി മെത്രാപ്പോലീത്തയുടെ മെത്രാഭിഷേക സുവർണ്ണജൂബിലി സമാപനവും 2023 മെയ് 20 ശനിയാഴ്ച തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ ആഘോഷിക്കുന്ന വിവരം സസന്തോഷം ഞാൻ നിങ്ങളെ അറിയിക്കുന്നു. വി. പൗലോസ് ശ്ലീഹാ തെസലോനിക്കക്കാർക്കെഴുതിയ 1-ാം ലേഖനം 18-ാം വാക്യത്തിൽ പറയുന്നതുപോലെ "എല്ലാ കാര്യങ്ങളിലും നന്ദി പ്രകാശിപ്പിക്കുവിൻ. ഇതാണ് യേശുക്രിസ്തുവിൽ നിങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതം". മെയ് 20ന് നമുക്ക് ഒന്നു ചേർന്ന് ദൈവം നമ്മുടെ അതിരൂപതക്കും അഭിവന്ദ്യപിതാവിന് വ്യക്തിപരമായും നൽകിയ എല്ലാ അനുഗ്രഹങ്ങൾക്കും നന്ദി പറയാം.

1887 മെയ് 20ന് ഭാഗ്യസ്മരണാർഹനായ പരി. ലിയോ പതിമൂന്നാമൻ മാർപ്പാപ്പയാണ് തൃശ്ശൂർ രൂപതയെ അപ്പസ്തോലിക് വികാരിയത്തായി ഉയർത്തിയതും സ്ഥാപിച്ചതും. ആദ്യത്തെ വികാർ അപ്പസ്തോലിക്കായി അഡോൾഫ് മെഡ്ലിക്കോട്ട് പിതാവിനെ നിയമിച്ചു. 1896 മുതൽ മാർ ജോൺ മേനാച്ചേരി പിതാവും 1921 മുതൽ മാർ ഫ്രാൻസിസ് വാഴപ്പിള്ളി പിതാവും 1944 മുതൽ മാർ ജോർജ്ജ് ആലപ്പാട്ട് പിതാവും 1970 മുതൽ മാർ ജോസഫ് കുണ്ടുകുളം പിതാവും തൃശ്ശൂർ രൂപതയെ നയിച്ചു. കുണ്ടുകുളം പിതാവിന്റെ കാലഘട്ടത്തിൽ പാലക്കാട് രൂപതയും ഇരിങ്ങാലക്കുട രൂപതയും പുതുതായി രൂപം കൊണ്ടു. ശേഷം പാലക്കാട് രൂപതയിൽ നിന്ന് രാമനാഥപുരം രൂപതയും രൂപം കൊണ്ടു. 1995 മെയ് 18ന് വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ തൃശ്ശൂർ രൂപതയെ അതിരൂപതയായി ഉയർത്തുകയും മാർ ജോസഫ് കുണ്ടുകുളം പിതാവ് പ്രഥമ മെത്രാപ്പോലീത്തയായും ഉയർത്തപ്പെടുകയും ചെയ്തു. 1997 മുതൽ 2007 വരെ മാർ ജേക്കബ് തൂങ്കുഴി പിതാവ് അതിരൂപതയെ നയിച്ചു.

മാർ ജേക്കബ് തൂങ്കുഴി പിതാവ് 1930 ഡിസംബർ 13ന് പാലാ രൂപതയിൽ വിളക്കുമാടം എന്ന സ്ഥലത്ത് ജനിച്ചു. തലശ്ശേരി രൂപതക്കുവേണ്ടി 1956 ഡിസംബർ 22ന് വൈദികനായി. 1973 മെയ് 1ന് മാനന്തവാടി രൂപതയുടെ പ്രഥമമെത്രാനായി. 1995 മുതൽ താമരശ്ശേരിയിലും 1997 മുതൽ തൃശ്ശൂർ അതിരൂപതയിലും സേവനമനുഷ്ഠിച്ചു. അതിരൂപതയെ നയിച്ച മുൻപിതാക്കന്മാരുടെ കാലത്തെന്ന പോലെ അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ കാലഘട്ടത്തിലും തൃശ്ശൂർ അതിരൂപത ശ്രദ്ധേയമായവിധത്തിൽ അഭിവൃദ്ധിയിലേക്ക് നീങ്ങുകയുണ്ടായി. മേരിമാത മേജർ സെമിനാരി, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, പാലയൂർ മഹാതീർത്ഥാടനം എന്നിവ അതിൽ ചില ഉദാഹരണങ്ങൾ മാത്രമാണ്. ഇപ്പോൾ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വിശ്രമജീവിതം നയിക്കുന്ന അഭിവന്ദ്യ തൂങ്കുഴി പിതാവിന്റെ മെത്രാഭിഷേക സുവർണ്ണജൂബിലിയുടെ സമാപനത്തിൽ അഭിവന്ദ്യപിതാവിനോടൊപ്പം കൃതജ്ഞതാബലിയിൽ പങ്കെടുക്കാം.

2023 മെയ് 20 ശനിയാഴ്ച തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ ഉച്ചകഴിഞ്ഞ് 2:30ന് കൃതജ്ഞതാബലിയും തുടർന്ന് 4:30ന് കത്തീഡ്രൽ ഹാളിൽ പൊതുസമ്മേളനവും നടത്തപ്പെടുന്നു. പ്രസ്തുത പരിപാടികളിൽ സീറോ മലബാർ സഭയുടെ തലവൻ മേജർ ആർച്ച്ബിഷപ് മാർ ജോർജ്ജ് കർദ്ദിനാൾ ആലഞ്ചേരി, മറ്റു മെത്രാന്മാർ, കേന്ദ്ര-സംസ്ഥാന മന്ത്രിമാർ തുടങ്ങിയവർ പങ്കെടുക്കുന്നു. ഓരോ ഇടവകയിൽ നിന്നും വൈദികർക്കു പുറമേ കൈക്കാരന്മാർ, പ്രതിനിധിയോഗസെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ഇടവക ഭക്തസംഘടന ഏകോപനസമിതി സെക്രട്ടറി, കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ, മതബോധന ഹെഡ്മാസ്റ്റർ, സന്യാസഭവനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ തുടങ്ങിയവർ അന്നേദിവസത്തെ വി. കുർബാനയിലും പരിപാടികളിലും പങ്കെടുക്കേണ്ടതാണ്. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം ഇടവകയിൽ നിന്നുള്ള പ്രതിനിധികളെ അറിയിക്കുകയും ലൂർദ്ദ് കത്തീഡ്രലിലേക്ക് അവരെ കൊണ്ടുവരുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുകയും ചെയ്യണമെന്ന് ആഹ്വാനം ചെയ്യുന്നു.

2023 ഒക്ടോബറിൽ റോമിൽ വെച്ച് നടക്കുന്ന മെത്രാന്മാരുടെ സിനഡിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതിന്റെ ഭാഗമായി മെയ് 31ന് മരിയൻ പ്രാർത്ഥനാദിനമായി ആചരിക്കുവാൻ റോമിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സീറോമലബാർ മേജർ ആർച്ച്ബിഷപ്പ് മാർ ജോർജ്ജ് കാർഡിനൽ ആലഞ്ചേരി പിതാവ് അന്നേദിവസം മരിയൻ പ്രാത്ഥനാദിനമായി ആചരിക്കേണ്ട കാര്യം ഓർമ്മപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർക്കു നേരെ നടക്കുന്ന അക്രമങ്ങളുടെ സാഹചര്യത്തിൽ ഇന്ത്യയിൽ സമാധാനവും മതസൗഹാർദ്ദവും നിലനില്ക്കുന്നതിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാൻ സി. ബി. സി. ഐ. ആഹ്വാനംചെയ്തിട്ടുണ്ട്. 2023 മെയ് 31-ന് നമ്മുടെ അതിരൂപതയിൽ പ്രത്യേകം പ്രാർത്ഥനാദിനമായി ആചരിക്കുവാൻ നമ്മൾ നിശ്ചയിച്ചിരിക്കുകയാണ്. അന്നേദിവസം, നമ്മുടെ എല്ലാപള്ളികളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും ഈ നിയോഗങ്ങൾക്കായി പ്രാർത്ഥിക്കേണ്ടതാണ്. മെയ്മാസവണക്കത്തിന്റെ സമാപനദിനമായ അന്ന് എല്ലാ ഇടവകദൈവാലയങ്ങളിലും വൈകുന്നേരം തിരുമണിക്കൂർ നടത്തി പ്രാർത്ഥിക്കേണ്ടതാണ്. മരിയൻ പ്രാർത്ഥനാദിനാചരണത്തിന്റെ ഭാഗമായി മെയ് 31ന് വൈകീട്ട് 5 മണിക്ക് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രലിൽ വി. കുർബാനയും പരി. കുർബാനയുടെ ആരാധനയും നടത്തുന്നതാണ്. നമ്മുടെ അതിരൂപതാ കുടുംബത്തിന്റെ അമ്മയായ പരി. അമലോത്ഭവ മാതാവിന്റെ മാദ്ധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

മിശിഹായിൽസ്നേഹപൂർവ്വം,

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

CURIA ARCHEPARCHY OF TRICHUR

NB : (1) ഈ സർക്കുലർ 2023 മെയ് 14 ഞായറാഴ്ച വി. കുർബാന മദ്ധ്യേ ഇടവകകളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

(2) 2023 മെയ് 31ന് നടത്തുന്ന മരിയൻ പ്രാർത്ഥന ദിനത്തിന് സഹായകമായ മാതൃകാ പ്രാർത്ഥനകൾ വാട്ട്സ്ആപ്പ് വഴി ലഭ്യമാക്കുന്നതാണ്. +AT